# കേരള സർക്കാർ
# സൈനിക ക്ഷേമ ഡയറക്ടറേറ്റ്
## വികാസ് ഭവൻ, തിരുവനന്തപുരം

# പൗരാവകാശരേഖ – 2012


**സൈനിക ക്ഷേമ ഡയറക്ടറേറ്റ്**

വികാസ്ഭവൻ, തിരുവനന്തപുരം –33

ടെലി : 0471–2304980, 2303654, 2302655
Fax : 0471-2304980
Email : dswkerala@gmail.com
Website: www.sainikwelfare kerala.org

# ഉള്ളടക്കം

1. ആമുഖം

2. വിമുക്തഭടന്മാർക്കും, അവരുടെ ആശ്രിതർക്കും,സേവനത്തിലിരിക്കുന്ന സൈനികർക്കും, അവരുടെ ആശ്രിതർക്കും നൽകിവരുന്ന സേവനങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ :-

3. മറ്റു സേവനങ്ങൾ

4. ഈ ആഫീസിലെ വിവിധ സെക്ഷനുകളും ഇതിലൂടെ കൈകാര്യം ചെയ്യുന്ന വിവിധ വിഷയങ്ങളെയും സംബന്ധിച്ച്

# ആമുഖം

**(സൈനിക ക്ഷേമ ഡയറക്ടറേറ്റ്, വികാസഭവൻ, തിരുവനന്തപുരം)**

വിമുക്തഭടന്മാരുടെയും അവരുടെ ആശ്രിതരുടെയും സർവതോന്മുഖമായ ക്ഷേമത്തിനും പുനരധിവാസത്തിനും, സൈനികരുടെയും, അവരുടെ ആശ്രിതരുടെയും ഉന്നമനത്തിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി കേരള സർക്കാരിന്റെ പൊതുഭരണ വകുപ്പിൻ കീഴിൽ സൈനിക ക്ഷേമ വകുപ്പ് പ്രവർത്തിക്കുന്നു. ഈ വകുപ്പിനെ നിയന്ത്രിക്കുന്ന സൈനികക്ഷേമ ഡയറക്ടറേറ്റ് തിരുവനന്തപുരം വികാസ് ഭവനിൽ സ്ഥിതി ചെയ്യുന്നു സൈനിക ക്ഷേമ ഡയറക്ടർ ആണ് ഈ വകുപ്പിന്റെ തലവൻ. പ്രസ്തുത വകുപ്പിന്റെ കീഴിൽ ജില്ലകൾ തോറും സൈനിക ക്ഷേമ ആഫീസുകളുണ്ട്. ജില്ലാ സൈനിക ക്ഷേമ ആഫീസർമാരുടെ മേൽനോട്ടത്തിലാണ് ഒരോ ജില്ലകളിലും ക്ഷേമ പ്രവർത്തനങ്ങൾ നടക്കുന്നത്.

വിമുക്ത ഭടന്മാർക്കും അവരുടെ ആശ്രിതർക്കും വേണ്ടി ആസുത്രണം ചെയ്തിട്ടുള്ള ക്ഷേമ പ്രവർത്തനങ്ങൾ രാഷ്ട്രതലത്തിൽ നിയന്ത്രിക്കുന്നത് കേന്ദ്ര വിമുക്തഭടന്മാരുടെ ക്ഷേമ വകുപ്പും കേന്ദ്രീയ സൈനികബോർഡും, പ്രതിരോധ മന്ത്രാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടർ ജനറൽ റീസെറ്റിൽ മെന്റുമാണ്. കര, വ്യോമ, നാവികസേനകളുടെ കേന്ദ്ര ആഫീസുകളുമായും എല്ലാ റിക്കാഡാഫീസുകളുമായും കേന്ദ്ര സംസ്ഥാന സർവ്വീസുകളിലെ വിവിധ വകുപ്പുകളുമായും വിമുക്ത ഭടന്മാരുടെ പുനരധിവാസത്തിനും ക്ഷേമപ്രവർത്തനത്തിനും സൈനികരുടെയും കുടുംബാംങ്ങളുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കുമായും ദേശീയ /സംസ്ഥാനതലങ്ങളിൽ ഈ വകുപ്പ് അടുത്ത സമ്പർക്കം പുലർത്തി വരുന്നു.

വിമുക്ത ഭടന്മാരുടെ പുനരധിവാസത്തിനും, മറ്റു ക്ഷേമ പ്രവർത്തനങ്ങൾക്കും സാമ്പത്തികസഹായം നൽകുന്ന സംസ്ഥാന സംയുക്ത നിധി (അമാൽഗമേറ്റഡ്ഫണ്ട്)യുടെയും, രാജ്യസൈനിക ബോർഡിന്റെയും, പതാക ദിനഫണ്ടിന്റെയും, സെക്രട്ടറി എന്നീ ഔദ്യോഗിക ചുമതലകൾ കൂടി സൈനികക്ഷേമ ഡയറക്ടർക്കുണ്ട്. പതാക നിധിയിൽ നിന്നും സ്വരൂപിക്കുന്ന പണം വിമുക്ത ഭടന്മാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കി വച്ചിട്ടുണ്ട്. ബഹു: സംസ്ഥാന ഗവർണർ സംയുക്തനിധിയുടെ ചെയർമാനും, മുഖ്യമന്ത്രി, രാജ്യസൈനിക് ബോർഡിന്റെയും പതാക ദിനഫണ്ട് കമ്മിറ്റിയുടെയും പ്രസിഡന്റുമാണ്.

**ലക്ഷ്യങ്ങളും ചുമതലകളും**

1. വിമുക്തഭടന്മാരുടെ പുനരധിവാസത്തിനും, ക്ഷേമപ്രവർത്തനങ്ങൾക്കും വിമുക്തഭടന്മാരുടെയും, കുടുംബാംഗങ്ങളുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കുമായി പരിപാടികൾ നടപ്പിലാക്കുക.

2. സംയുക്ത നിധിയുടെയും (അമാൽഗമേറ്റഡ് ഫണ്ട്) സൈനിക ക്ഷേമ നിധിയുടെയും ഭരണകാര്യങ്ങളും ശരിയായ വിനിയോഗവും ഉറപ്പുവരുത്തുക.

3. വിമുക്ത ഭടന്മാരെയും, സൈന്യത്തെയും സംബന്ധിച്ചുള്ള കാര്യങ്ങളിൽ ജനങ്ങളെ ബോധവാന്മാരാക്കുക.

4. സൈനിക സേവനത്തിന് യുവജനങ്ങളെ പ്രേരിപ്പിക്കുക..

**<u>സൈനിക ക്ഷേമ വകുപ്പ് ചെയ്തു വരുന്ന ക്ഷേമപ്രവർത്തനങ്ങളെ</u>**

**തൊഴിൽ സഹായം**

**സാമ്പത്തിക സഹായം**

**ക്ഷേമ പ്രവർത്തനങ്ങൾ എന്നിങ്ങനെ തരം തിരിക്കാം.**

## I. തൊഴിൽ സഹായം

1. യുദ്ധത്തിലോ യുദ്ധസമാനസാഹചര്യങ്ങളിലോ മരണപ്പെടുന്ന സൈനികരുടെ ഒരു ആശ്രിതന് സംസ്ഥാനസർക്കാർ സർവീസിൽ തൊഴിൽ നൽകിവരുന്നു. **(സർക്കാരിലെ ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് (സൈനികക്ഷേമം) ആണ് നിയമനം നടത്തുന്നത്).**

2. ജില്ലാ സൈനികക്ഷേമ ഓഫീസുകളിൽ രജിസ്റ്റർ ചെയ്യുന്ന വിമുക്തഭടന്മാരെ തൊഴിലിനുവേണ്ടി നാമനിർദ്ദേശം ചെയ്യുന്നു.

3. സർക്കാർ വകുപ്പുകളിൽ താഴെപറയുന്ന തസ്തികകൾ വിമുക്ത ഭടന്മാർക്കായി നീക്കിവെച്ചിട്ടുണ്ട്.
   - സൈനിക ക്ഷേമവകുപ്പിലെ എല്ലാ തസ്തികയും
   - എൻ.സി.സി. യിലെ സിവിലിയൻ തസ്തികൾ
   - പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ 10 %

## II. സാമ്പത്തിക സഹായം

1. **സ്റ്റേറ്റ് മിലിറ്ററി ബനവലന്റ് ഫണ്ട്/ജില്ലാ മിലിറ്ററി ബനവലന്റ് ഫണ്ടിൽ നിന്നുള്ള ധനസഹായം**

   നിർദ്ധനരായ വിമുക്തഭടന്മാരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 2000 രൂപ മുതൽ 2500 രൂപ വരെ സ്റ്റേറ്റ് മിലിറ്ററി ബനവലന്റ് ഫണ്ടിൽ നിന്നും, 1500 മുതൽ 1750 രൂപ വരെ ജില്ലാ മിലിറ്ററി ബനവലന്റ് ഫണ്ടിൽ നിന്നും അർഹതക്ക് വിധേയമായി ധനസഹായം നൽകി വരുന്നു.

2. **വിവാഹഗ്രാന്റ്**

   വിമുക്തഭടന്റെ ഒരു മകളുടെ വിവാഹത്തിന് 10000 രൂപ ഗ്രാന്റായി നൽകുന്നു. വാർഷിക വരുമാന പരിധി 1,50,000 രൂപയിൽ താഴെയായിരിക്കണം.

3. **അടിയന്തിര സാമ്പത്തിക സഹായം**

   വിമുക്തഭടന്മാർക്കോ, അവരുടെ ആശ്രിതർക്കോ പെട്ടെന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പ്രത്യേക കേസായി പരിഗണിച്ച് അടിയന്തിര സാമ്പത്തികസഹായം നൽകുന്നു. എസ്.എം.ബി.എഫിൽ നിന്നുള്ള ടി. സഹായം മുഖ്യമന്ത്രിയും, സൈനികക്ഷേമ വകുപ്പുമേധാവിയും യഥാക്രമം 5000 രൂപ/ 4000/ രൂപ എന്നീ ക്രമത്തിൽ അനുവദിക്കുന്നു.

   ജില്ലാതലത്തിൽ 2000/രൂപ 1000/ രൂപ എന്നീ ക്രമത്തിൽ ജില്ലാ കളക്ടർമാരും ജില്ലാ സൈനികക്ഷേമ ഓഫീസർമാരും നൽകിവരുന്നു.

4. **മരണാനന്തര ചടങ്ങുകൾക്കുള്ള എക്സ്ഗ്രേഷ്യാ ഗ്രാന്റ്**

   വിമുക്തഭടൻ മരണമടഞ്ഞാൽ അടിയന്തിര ചെലവുകൾക്കായി തെട്ടടുത്ത ആശ്രിതർക്ക് (വിധവ/അവിവാഹിതയായ മകൾ / മൈനറായ പുത്രൻ) 2000/ രൂപ ധനസഹായം നൽകുന്നു.

5. **അന്ധരായ വിമുക്തഭടന്മാർക്ക് പ്രതിമാസ ധനസഹായം**

   100 ശതമാനം അന്ധരായ വിമുക്തഭടന്മാർക്കും/വിമുക്തഭടന്മാരുടെ അന്ധയായ ഭാര്യ/വിധവ / ആശ്രിതരായ കുട്ടികൾ എന്നിവർക്ക് 1000/- രൂപ വീതം പ്രതിമാസ ബത്ത നൽകി വരുന്നു.

6. **മാനസിക വൈകല്യമുള്ള കുട്ടികൾക്ക് ധനസഹായം**

വിമുക്തഭടന്മാരുടെ മാനസിക വൈകല്യമുള്ള കുട്ടികൾക്ക് (I.Q 40 ന് താഴെ) പ്രതിമാസം 500/ രൂപ ധനസഹായം (വാർഷികവരുമാന പരിധി 1,50,000 രൂപയിൽ താഴെ ആയിരിക്കണം) നൽകി വരുന്നു.

7. **ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് പ്രതിമാസ ധനസഹായം**

വിമുക്തഭടന്മാരുടെ 40 ശതമാനത്തിൽ കുറയാതെ ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് പ്രതിമാസം 500/ രൂപ ധനസഹായം നൽകിവരുന്നു. (വാർഷിക വരുമാന പരിധി 1,50,000/- രൂപയിൽ താഴെ ആയിരിക്കണം.)

8. **പോക്കറ്റ് മണി**

ക്ഷയരോഗ/കുഷ്ഠരോഗ ആശുപത്രികളിലെ അന്തേവാസികളായ വിമുക്തഭടന്മാരും / വിമുക്തഭടന്മാരുടെ വിധവകൾക്കും പ്രതിമാസം 1000/-രൂപ ധനസഹായം നൽകുന്നു. ഇവർക്ക് കൊതുകുവലയും സൗജന്യമായി നൽകുന്നു. ഓണാഘോഷത്തിന് ഇവർക്ക് 1000 രൂപ പ്രത്യേക സാമ്പത്തിക സഹായം നൽകുന്നു.

9 **മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ്**

ക്ഷയം, കുഷ്ഠം എന്നീ രോഗങ്ങൾ ബാധിച്ച വിമുക്തഭടന്മാർക്ക് ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി നൽകുന്ന വൈദ്യശുശ്രൂഷാഗ്രാന്റ് ലഭ്യമല്ലാതാകുമ്പോൾ, എസ്.എം.ബി.എഫിൽ നിന്നും മൂന്നുവർഷത്തെ തുടർ ശുശ്രൂഷയ്ക്കായി പ്രതിമാസം 1000/-രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നു. (വാർഷിക വരുമാന പരിധി 1,50,000/- രൂപ)

10 **പാരപ്ലെഡ്ജിക് സെന്ററിലെ അന്തേവാസികൾക്ക് ധനസഹായം**

പൂനയിലെ പാരപ്ലെഡ്ജിക് റിഹാബിലിറ്റേഷൻസ് സെന്ററിലെ അന്തേവാസികളായ വിമുക്തഭടന്മാർക്ക് പ്രതിമാസം 500 രൂപ സാമ്പത്തിക സഹായം നൽകി വരുന്നു. കൂടാതെ അവരുടെ അടുത്ത ഒരു ബന്ധുവിന് സന്ദർശനത്തിനായി സ്ലീപ്പർ ക്ലാസ്സ് ചാർജ്ജ് വർഷത്തിലൊരിക്കൽ നൽകി വരുന്നു.

11 **തയ്യൽ മെഷീൻ വിതരണം**

തയ്യലറിയാവുന്ന വിമുക്തഭടന്മാർ/വിധവകൾക്ക് ഉപജീവനാർത്ഥം സൗജന്യമായി തയ്യൽ മെഷീൻ വിതരണം ചെയ്തു വരുന്നു. വാർഷിക വരുമാനപരിധി 75,000 രൂപയയിൽ താഴെയായിരിക്കണം.

12. **എസ്.എസ്.എൽ.സി. / സി.ബി.എസ്.ഇ. /ഐ.സി.എസ്.ഈ- യ്ക്ക് ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്ക് ക്യാഷ് അവാർഡ്**

ജില്ലാതലത്തിൽ എസ്.എസ്.എൽ.സി. /സി.ബി.എസ്.സി./ഐ.സി.എസ്.ഇ. യ്ക്ക് A+/Top scoring കരസ്ഥമാക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്ക് 3000/- രൂപ ക്യാഷ് അവാർഡ് നൽകിവരുന്നു.

13. **കുടിൽ നന്നാക്കുവാൻ ഗ്രാന്റ്**

വാർഷിക വരുമാനം 50,000/ രൂപയിൽ കുറവുള്ള വിമുക്തഭടന്മാർ / വിധവകൾ എന്നിവർക്ക് കുടിൽ നന്നാക്കുവാൻ 10000/- രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു.

14. **ക്യാൻസർ രോഗശുശ്രൂഷയ്ക്ക് ഗ്രാന്റ്**

ക്യാൻസർ രോഗികളായ വിമുക്തഭടന്മാർക്ക്, വിധവകൾക്ക്/ വിമുക്തഭടന്മാരുടെ ഭാര്യമാർക്ക്/ആശ്രിതരായ മക്കൾക്ക് പ്രതിമാസം 1000 രൂപ വീതം ഒരു വർഷത്തേയ്ക്ക് ചികിത്സ ചെലവിനായി നൽകുന്നു. പെൻഷനോ മറ്റ് സമാന ആനുകൂല്യങ്ങളോ ലഭക്കാത്ത വിമുക്ത ഭടൻമാർക്ക് / ആശ്രിതമാർക്ക് 2 വർഷത്തേക്ക് ധനസഹായം നൽകുന്നു.

15. **വിമുക്തഭടന്മാർക്കും ഭാര്യമാർക്കും വിധവകൾക്കും എംബ്രോയിഡറി മെഷീൻ**

തൊഴിൽ രഹിതരായ വിമുക്തഭടൻമാർക്കു ഭാര്യമാർക്കും വിധവകൾക്കും എംബ്രോയിഡറി മെഷീൻ നൽകി വരുന്നു. വാർഷിക വരുമാനം 75,000/- രൂപയിൽ കവിഞ്ഞവർ അർഹരല്ല.

16. **വിമുക്തഭടൻമാരുടെ മക്കൾക്ക് വിവിധ മത്സര പരീക്ഷകളിൽ പരിശിലനത്തിന് സാമ്പത്തിക സഹായം**

വിമുക്തഭടന്മാരുടെ മക്കൾക്ക് വിവിധ മത്സരപരീക്ഷകളായ SET, NET, JRF, KWA, CA, സിവിൽ സർവ്വീസ് പരീക്ഷകൾക്കുള്ള പരിശീലന ക്ലാസ്സുകൾക്ക് 5000/- രൂപ സാമ്പത്തിക സഹായം നൽകി വരുന്നു. (ഒറ്റത്തവണ ഗ്രാന്റ്) വാർഷിക കുടുംബ വരുമാനം 1,50,000/- രൂപയ്ക്ക് താഴെയുള്ള വർക്കാണ് ഈ സാമ്പത്തിക സഹായത്തിന് അർഹത.

17. **സ്വയം തൊഴിൽ കണ്ടെത്തുവാൻ വിമുക്തഭടന്മാർക്ക് പരിശീലനം**

സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്ന വിമുക്തഭടന്മാർക്ക് ഓരോ ജില്ലയിലും തൊഴിൽ അധിഷ്ഠിത പരിശീലനം നൽകുന്നു. യഥാർത്ഥ കോഴ്സ് ഫീസ് 3000/- രൂപ വരെ.

18. **മത്സര പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിനും ഇന്റർവ്യൂ ബോർഡിനും അഭിമുഖീകരിയ്ക്കുന്നതിനും പരിശീലനം**

മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനും ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിക്കുന്നതിനും വിമുക്തഭടന്മാർക്ക് / ആശ്രിതർക്ക് ജില്ലാ തലത്തിൽ പരിശീലനം നൽകി വരുന്നു. 5000/- രൂപ അല്ലെങ്കിൽ യഥാർത്ഥ ഫീസ് ഏതാണോ കുറഞ്ഞത്.

19. **വിമുക്ത ഭടന്മാർക്ക് കമ്പ്യൂട്ടർ പരിശീലനം**

വിമുക്സ ഭടന്മാർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം ലഭ്യമാക്കുന്നതിലേക്കായി ജില്ലാതലത്തിൽ പരിശീലനം നൽകി വരുന്നു.

20. **വൃക്കരോഗ ശുശ്രൂഷക്ക് ഗ്രാന്റ്**

കിഡ്നി രോഗികളായ വിമുക്ത ഭടന്മാർക്ക് / വിധവകൾക്ക് ഡയാലിസിസി നായി 1000/- രൂപ വീതം സഹായം നൽകി വരുന്നു. ആകെ 10,000/- രൂപ വരെ.

21. **ജില്ലാ/താലൂക്ക് തലങ്ങളിൽ ബോധവൽക്കരണ പരിപാടി**

കേന്ദ്ര/സംസ്ഥാന സർക്കാരുകളും സൈനികക്ഷേമ വകുപ്പും നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും സ്വയം തൊഴിൽ പദ്ധതികളെ ക്കുറിച്ചും വിമുക്ത ഭടന്മാർക്കും വിധവകൾക്കും വേണ്ടത്ര ബോധവൽക്കരണം നൽകുന്നതിലേക്കായി വർഷം തോറും ജില്ലാ/താലൂക്ക് തലങ്ങളിൽ സെമിനാറു

കൾ / ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഇതിനെ സംബന്ധിച്ച് അറിയിപ്പ് മാധ്യമങ്ങളിൽ കൂടി പ്രസിദ്ധീകരിച്ചു വരുന്നു.

## III അമാൽഗമേറ്റഡ് ഫണ്ടിൽ നിന്നുള്ള സഹായങ്ങൾ

**1. സ്കോളർഷിപ്പ്**

സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിമുക്തഭടന്മാരുടെ മക്കൾക്ക് 2000/ രൂപ മുതൽ 7000/- രൂപ വരെ സ്കോളർഷിപ്പ് (വാർഷിക വരുമാന പരിധി 2,00,000 /-രൂപയിൽ താഴെയായിരിക്കണം) നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നു.

**2. ഓർഫൻ ഗ്രാന്റ്**

വിമുക്തഭടന്മാരുടെ അനാഥരായ കുട്ടികൾക്ക് 25 വയസ്സുവരെ നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 1000/- രൂപ വരെ സാമ്പത്തിക സഹായം നൽകുന്നു. വാർഷിക വരുമാനപരിധി 50,000/- രൂപയിൽ കവിയരുത്.

**3. സൈനിക സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ലംസംഗ്രാന്റ്**

സൈനിക സ്കൂളിൽ Std. X ൽ പഠിക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്ക് മറ്റു നിബന്ധനകൾ ഒന്നും കൂടാതെ 10,000/- രൂപ ലംസംഗ്രാന്റായി അനുവദിക്കുന്നു.

**4. ഐ.ടി.ഐ. ട്രെയിനിംഗ് സ്റ്റൈപ്പന്റ്**

പ്രതിരോധസേനയിലെ സേവനാനന്തരം ഐ.ടി.ഐ. കളിൽ ട്രെയിനിംഗ് നടത്തുന്ന വിമുക്തഭടന്മാർക്ക് പ്രതിമാസം 250 രൂപ സ്കോളർഷിപ്പ് നൽകി വരുന്നു.

**5. എൻട്രൻസ് കോച്ചിംഗിന് സാമ്പത്തിക സഹായം**

എഞ്ചിനീയറിംഗ്/എം.ബി.ബി.എസ്.പ്രവേശന പരീക്ഷയെഴുതാൻ വിമുക്തഭടന്മാരുടെ 250 കുട്ടികൾ വരെ ഒരു കുട്ടിക്ക് 5000 രൂപ ക്രമത്തിൽ നിബന്ധനകൾക്ക് വിധേയമായി സാമ്പത്തിക സഹായം നൽകുന്നു. (വാർഷിക വരുമാന പരിധി 2,00,000/- രൂപയിൽ കവിയാൻ പാടില്ല.)

**6. രോഗികളായ വിമുക്തഭടന്മാർക്ക് ചികിത്സാസഹായം**

നിരാലംബരും രോഗികളുമായ രണ്ടാം ലോകമഹാ യുദ്ധത്തിലെ വിമുക്തഭടന്മാർക്ക് ചികിത്സാ സഹായത്തനായി 1000 രൂപ ഗ്രാന്റായി നൽകി വരുന്നു.

**7. വൃദ്ധസദനങ്ങളിൽ കഴിയുന്ന വിമുക്തഭടന്മാർക്ക്/വിധവകൾക്ക് ധനസഹായം**

സംസ്ഥാനത്തെ അംഗീകൃത വൃദ്ധസദനങ്ങളിൽ താമസിക്കുന്നവരും മറ്റു വരുമാനമില്ലാത്തവരുമായ വിമുക്തഭടന്മാർക്ക് /വിധവകൾക്ക് 1000 രൂപ പ്രതിമാസ ധനസഹായമായി നൽകിവരുന്നു.

**8. ജില്ലാ തലങ്ങളിൽ ബോധവൽക്കരണ പരിപാടി**

കേന്ദ്ര/സംസ്ഥാന സർക്കാരുകളും സൈനികക്ഷേമ വകുപ്പും നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും, സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ചും വിമുക്തഭടന്മാർക്കും വിധവകൾക്കും വേണ്ടത്ര

ബോധവൽക്കരണം നൽകുന്നതിലേക്കായി വർഷംതോറും ജില്ലാ തലങ്ങളിൽ സെമിനാറുകൾ/ബോധവല്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഇതിനെ സംബന്ധിച്ച് അറിയിപ്പ് മാധ്യമങ്ങളിൽകൂടി പ്രസിദ്ധീകരിച്ചുവരുന്നു.

**9. പുനരധിവാസ പരിശീലനം**

വിമുക്തഭടന്മാർക്കും ആശ്രിതർക്കും പുനരധിവാസപരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് ആളൊന്നിന് പരമാവധി 10000 രൂപവരെ നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നു. കൂടാതെ വിവിധമേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് തൊഴിലധിഷ്ഠിതപരിശീലനവും നൽകിവരുന്നു.

**10. സ്വയം തൊഴിൽ വായ്പയ്ക്ക് പലിശ സബ്സിഡി**

സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി അംഗീകൃത ബാങ്കുകളിൽ നിന്നും എടുക്കുന്ന 2 ലക്ഷം രൂപ വരെ പരിധിയുള്ള വായ്പയ്ക്ക് (മൂന്നു വർഷം കൊണ്ട് തിരിച്ചടയ്ക്കേണ്ടത്) പലിശ ഇളവ് അനുവദിക്കുന്നു.

**11. സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ സ്വയം സഹായസംഘങ്ങളുടെ രൂപീകരണം**

സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ വിമുക്തഭടന്മാരുടെയും അവരുടെ ആശ്രിതരുടെയും സ്വയം സഹായസംഘങ്ങൾക്ക് 10,000 രൂപ വരെ നൽകി വരുന്നു.

## IV. സംസ്ഥാന സർക്കാരിൽ നിന്നുള്ള മറ്റു ധനസഹായങ്ങൾ

**1. ഭവന നിർമ്മാണത്തിന് ധനസഹായം**

യുദ്ധത്തിൽ കൊല്ലപ്പെടുന്നവരുടെ / സേവനത്തിനിടയിൽ മരിക്കുന്നവരുടെ ആശ്രിതർക്കും ശാരീരിക അംഗവൈകല്യം മൂലം സേവനം തുടരാൻ കഴിയാതെ പിരിച്ചയ്ക്കപ്പെടുന്നവർക്കും സ്വന്തമായി വീടില്ലെങ്കിൽ ഭവന നിർമ്മാണത്തിന് സംസ്ഥാന സർക്കാർ 1,00,000 രൂപ ഗ്രാന്റായി നൽകി വരുന്നു. (വാർഷിക വരുമാനം 1,50,000 രൂപയിൽ താഴെ ആയിരിക്കണം). ഈ ധനസഹായത്തിനുള്ള അപേക്ഷ സർവ്വീസിൽ നിന്നും പിരിഞ്ഞ് വന്ന / മരണപ്പെട്ട തീയതി മുതൽ അഞ്ച് വർഷത്തിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ സൈനിക ക്ഷേമ ആഫീസ് മുഖാന്തിരം സമർപ്പിക്കണം. മുകളിൽ പറഞ്ഞ വിഭാഗത്തിലുള്ള അപേക്ഷകരുടെ അഭാവ ത്തിൽ, 60 വയസ്സിന് താഴെയുള്ള സ്വന്തമായോ, ഭാര്യയുടെ പേരിലോ, അപേക്ഷാ തീയതി മുതൽ 5 വർഷമായി വീടില്ലാത്ത വിമുക്തഭടൻമാരേയും അതാത് വർഷത്തേ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭവന നിർമ്മാണത്തിന് ധനസഹായത്തിനായി പരി ഗണിക്കുന്നതാണ്. യുദ്ധത്തിൽ കൊല്ലപ്പെടുന്ന ജവാന്മാരുടെ ഭാര്യമാർക്ക് വാർഷിക വരുമാന പരിധി ബാധകമല്ല.

**2. ധീരതാപുരസ്കാരങ്ങൾ ലഭിച്ചവർക്ക് ക്യാഷ് അവാർഡ്**

ധീരതയ്ക്ക് ബഹുമതി പുരസ്കാരങ്ങൾ ലഭിച്ചവർക്ക് സംസ്ഥാനസർക്കാരിൽ നിന്ന് ക്യാഷ് അവാർഡ്, ഭൂമിക്ക് പകരം തുക, ആന്യൂറ്റി തുടങ്ങിയവ ലഭിക്കും. പരമവീരചക്രം മുതൽ മെൻഷൻ-ഇൻ-ഡസ്പാച്ച് വരെ ലഭിക്കുന്നവർക്ക് ഈ ആനുകൂല്യം നൽകിവരുന്നു.

**3. നോൺ ഗ്യാലന്ററി അവാർഡ് ജേതാക്കൾക്ക് ക്യാഷ് അവാർഡ്**

പരംവിശിഷ്ട സേവാ മെഡൽ, അതിവിശിഷ്ട സേവാ മെഡൽ, വിശിഷ്ട സേവാ മെഡൽ ലഭിച്ചവർക്ക് സംസ്ഥാന സർക്കാരിൽ നിന്നും യഥാക്രമം 50,000/-, 25,000/-, 10,000/- രൂപ വീതം ഒറ്റതവണ ക്യാഷ് അവാർഡായി നൽകുന്നു. 4.6.2011 മുതൽ മാത്രമേ ഇതിന് പ്രാബല്യമുള്ളൂ. GO(MS) No. 195/11/GAD dated 4.6.11.

**4. പ്രാദേശിക സേനാ മെഡൽ ജേതാക്കൾക്ക് ക്യാഷ് അവാർഡ്**

പ്രാദേശിക സേനാ (Territorial Army) വിഭാഗങ്ങളിലെ റ്റി.എ. ഡക്കറേഷന്/റ്റി.എ. മെഡൽ ലഭിച്ച ആഫീസർ / മറ്റു വിഭാഗങ്ങൾക്ക് യഥാക്രമം 3000/-, 2000/- രൂപ ക്യാഷ് അവാർഡ് നൽകുന്നു.

**5. എക്സിഗ്രേഷ്യാ ഗ്രാന്റ്**

മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധി രൂപീകരണത്തിന് മുമ്പ് യുദ്ധത്തിൽ കൊല്ലപ്പെടുകയോ മരിക്കുകയോ ചെയ്ത പ്രതിരോധ /പാരാമിലിറ്ററി സേനാംഗങ്ങളുടെ ആശ്രിതർക്ക് പരമാവധി 1,00,000 രൂപ വരെ ഗ്രാന്റായി നൽകുന്നു. യുദ്ധത്തിൽ പരിക്കേൽക്കുന്നവർക്കും ആനുപാതികമായി ടി ഗ്രാന്റിന് 50,000/- രൂപ വരെഅർഹതയുണ്ട്. കേരളത്തിൽ സേവനമനുഷ്ടിയക്കവെ അത്യാഹിതം സംഭവിച്ച ഇതര സംസ്ഥാനങ്ങളിലുള്ളവർക്കും ഈ ആനുകൂല്യം ലഭിക്കുന്നതാണ്.

**6. മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധി**

യുദ്ധത്തിലോ, യുദ്ധസമാന സാഹചര്യങ്ങളിലോ, സൈനിക സേവനത്തിടയ്ക്ക് കൊല്ലപ്പെടുന്ന, കാണാതാകുന്ന, അംഗവൈകല്യം സംഭവിക്കുന്ന പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധിയിൽ നിന്നും പരമാവധി 10 ലക്ഷം വരെ ധനസഹായം അർഹതയ്ക്കു വിധേയമായി നൽകുന്നു പാരാമിലിറ്ററി /GREF വിഭാഗത്തിൽപെട്ട വർക്കും ഈ ആനുകൂല്യത്തിനർഹതയുണ്ട്. ഭീകരവാദികൾ / തീവ്രവാദികൾ / നക്സലൈറ്റുകൾ എന്നിവരുമായി ഉണ്ടാകുന്ന ഏറ്റുമുട്ടലിൽ മരിക്കുന്ന പ്രതിരോധസേന / പാരാ മിലിട്ടറി വിഭാഗത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ യും, അംഗവൈകല്യം സംഭവിക്കുന്നവർക്ക് 3 ലക്ഷം രൂപ വരെയും ധനസഹായ ത്തിന് അർഹതയുണ്ട്.

**7. മെരിറ്റ് സ്കോളർഷിപ്പ്**

പഠനത്തിൽ മിടുക്കരായ വിമുക്തഭടന്മാരുടെ കുട്ടികൾ 10-ാം സ്റ്റാൻഡേർഡ് മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള കോഴ്സുകൾക്ക് സംസ്ഥാന സർക്കാർ വാർഷിക സ്കോളർഷിപ്പ് (2000 രൂപ മുതൽ 3500 രൂപ വരെ) നൽകി വരുന്നു. വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. വാർഷി കാന്ത്യ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാതെ മാർക്ക് വാങ്ങിയവർ ഇതി നപേക്ഷിക്കാവുന്നതാണ്.

**8. രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത സേനാനികൾക്കും അവരുടെ വിധ വകൾക്കും ധനസഹായം**

രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത (9/1939-നു 4/1946-നു ഇടയിൽ സർവീസിലുണ്ടായിരുന്ന) യോദ്ധാക്കൾക്ക് പ്രതിമാസം 1000/- രൂപയും വിധവ

കൾക്ക് പ്രതിമാസം 500/- രൂപയും സഹായധനം നൽകുന്നു. പുനർനിയമനം ലഭിച്ചവരും, വാർഷിക കുടുംബവരുമാനം 10000 രൂപയിൽ കൂടുതലുള്ളവരും ഇതിനർഹരല്ല.

**എഫ്.എ.ക്യൂ (ലഘു ചോദ്യോത്തരങ്ങൾ)**

1. സർവ്വീസിൽ നിന്നും വിരമിക്കുന്ന വിമുക്തഭടൻ, പിരിഞ്ഞ ഉടൻ ജില്ലാ ആഫീസുമായി ബന്ധപ്പെട്ട് എന്തെല്ലാമാണ് ചെയ്യേണ്ടത്?

1. രജിസ്ട്രേഷൻ
   (എ) തൊഴിലിനായി
   (ബ) തിരിച്ചറിയൽ കാർഡിനായി

2. തിരിച്ചറിയിൽ കാർഡ് രജിസ്റ്റർ ചെയ്യാൻ എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്?
   (എ) ഡിചാർജ് സർട്ടിഫിക്കറ്റ്
   (ബി) രണ്ടു പാസ്പോർട്ടു സൈസ് ഫോട്ടോ, 1. സ്റ്റാമ്പ് സൈസ് ഫോട്ടോ
   (സി) പെൻഷൻ ബുക്ക് (പി.പി.ഒ)

3. തൊഴിലിനായി രജിസ്റ്റർ ചെയ്യാൻ എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത്?
   (എ) ഡിസ്ചാർജ് ബുക്ക്
   (ബി) വിദ്യാഭ്യാസ യോഗ്യത തെളിയ്ക്കുന്ന സർട്ടിഫിക്കറ്റ്
   (സി) ട്രേഡ് സർട്ടിഫിക്കറ്റ്, തൊഴിൽ പരിചയം തുടങ്ങി അനുബന്ധ സർട്ടിഫിക്കറ്റുകൾ

4. (എ) പുനരധിവാസ ട്രെയിനിംഗ് ആവശ്യമുള്ള വിമുക്തഭടന്മാർക്ക് എന്തെല്ലാം സേവനമാണ് സൈനിക ക്ഷേമവകുപ്പ് മുഖാന്തിരം ലഭ്യമാക്കുന്നത്?

. പുനരധിവാസ ട്രെയിനിംഗ് ആവശ്യമുള്ള വിമുക്ത ഭടന്മാർക്ക് വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് കമ്പ്യൂട്ടർ കോഴ്സുകൾ, ഡ്രൈവിംഗ് പരിശീലനം, പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷയുള്ള പരിശീലനം, ബാങ്ക് റിക്രൂട്ടുമെന്റ് നടത്തുന്ന പരീക്ഷക്കുള്ള പരിശീലനം ഇവ നലകി വരുന്നു. കൂടാതെവിമുക്തഭടന്മാർക്കും, അവരുടെ ആശ്രിതർക്കും വിവിധ സ്ഥാപനങ്ങളിൽ സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ കോഴ്സുകൾ, ജില്ലാ സൈനിക ക്ഷേമ ആഫീസർ മുഖേന സംഘടിപ്പിക്കുന്നു. നിലവിലുള്ള വ്യവസ്ഥ പ്രകാരം ആളൊന്നിന് പരമാവധി 5,000/- രൂപ വരെ ഈ വകുപ്പിൽ നിന്നും ഇപ്രകാരം ചെലവാക്കുന്നുണ്ട്.

(ബി) സ്വയം തൊഴിൽ കണ്ടെത്തുവാൻ സൈനിക ക്ഷേമ വകുപ്പുവഴി എന്തു സേവനമാണ് ലഭ്യമാക്കുന്നത്?

പുനരധിവാസ ട്രെയിനിംഗിന് പുറമേ അംഗീകൃത ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് സ്വയം തൊഴിൽ കണ്ടെത്തുന്നവർക്ക് വായ്പയിൽ പരമാവധി 2 ലക്ഷം രൂപ വരെയുള്ള തുകയുടെ പലിശയിൽ 50 ശതമാനം വരെ നിബന്ധനകൾക്ക് വിധേയമായി ഈ വകുപ്പിൽ നിന്നും അനുവദിച്ചു നൽകുന്നു. സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ സ്വയം സഹായ സംഘങ്ങൾക്ക് 10,000 രൂപ വീതം നിബന്ധനകൾക്ക് വിധേയമായി നൽകി വരുന്നു.

V. **പ്രധാനമന്ത്രിയുടെ മെറിറ്റ് സ്കോളർഷിപ്പ് പദ്ധതി**

മെഡിക്കൽ, എഞ്ചിനീയറിംഗ്, ഡന്റൽ, വെറ്റിനറി, എം.ബി.എ., എം.സി.എ. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന വിമുക്തഭടന്മാരുടെ വിധവകൾക്കും അവിവാഹിതരായ കുട്ടികൾക്കും മെറിറ്റ് സ്കോളർഷിപ്പ് നൽകുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും യഥാക്രമം 1250, 1500 രൂപ വീതം പ്രതിമാസം നൽകുന്നതാണ്. പ്ലസ് ടു ക്ലാസ്സിൽ 60% വും തുടർന്നുള്ള ഓരോ വർഷവും 50% ത്തിൽ കുറയാതെ മാർക്ക് ലഭിക്കുന്നവർക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. അപേക്ഷകൾ കേന്ദ്രീയ സൈനിക ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.mod.nic.in ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ അതാത് ജില്ലാ സൈനിക ക്ഷേമ ഓഫീസ് മുഖാന്തിരം അയക്കേണ്ടതാണ്.

## ഉദ്യോഗവൃന്ദം/ബന്ധപ്പെടേണ്ട നമ്പർ

| | | |
|---|---|---|
| K.K.Govindan Nair | | 0471: 2304980 |
| Director | Mob: | 9447030498 |
| P. Ahamed Basheer | | 0471-2302655 |
| Administrative officer | Mob : | 9400712072 |
| Deputy Director | | 0471-2303654 |
| Reena Spurgeon | | 0471-2303654 |
| Finance Officer | Mob : | 9446556392 |
| Ramakrishnan | | 0471-2303654 |
| Assistant Director | Mob : | |
| O. Stephen Raj | | 0471-2303654 |
| JEO | Mob: | 8907286778 |
| Jayakumar. S. | | 0471-2303654 |
| Junior Supdt | Mob : | |
| Josy. A. | | 0471-2303654 |
| Head Account | Mob : | 9495409274 |
| Pratapa Chandran Nair. S | | 0471-23036654 |
| Fair copy Supdt | Mob: | 9447773488 |

### വിവിധ സെക്ഷനുകളും അതിൽ കൈകാര്യം ചെയ്യപ്പെടുന്ന വിഷയങ്ങവും

| | | |
|---|---|---|
| 1. | ഓഫീസ്സേഴ്സ് സേവനകാര്യങ്ങൾ<br>പെൻഷൻ സംബന്ധിച്ച കാര്യങ്ങൾ | Est-1 0471- 2303654<br>2302655 |
| 2. | സൈനിക ക്ഷേമ വകുപ്പിലെ നിയമനങ്ങൾ<br>ജീവനക്കാരുടെ ക്ഷേമം സംബന്ധിച്ച് | Est-2 |
| 3. | ജീവനക്കാരുടെ വേദനം<br>TA/DA -സംബന്ധിച്ച്/ബില്ലുകൾ | Est-3 |
| 4. | ബഡ്ജറ്റ് /ഫണ്ട് അനുവദിക്കൽ<br>സംബന്ധിച്ച് | Est-4 |
| 5. | ലോക്കൽ പർച്ചേസ് | Est-5 |
| 6. | SMBF/DMBF സാമ്പത്തിക സഹായം | SW-1 |
| 7. | പൊതു പരാതികൾ, ക്ഷേമകാര്യങ്ങൾ | SW-2 |

| | | |
|---|---|---|
| 8. | പതാകദിന ഫണ്ട് | SW-3 |
| 9. | മുഖ്യ മന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നുള്ള സാമ്പത്തിക സഹായം/ ധീരതാ പുരസ്കാരം ലഭിച്ചവർക്ക കൃഷ് അവാർഡ് ഭവന നിർമ്മാനത്തിനുള്ള ധനസഹായം | SW-4 |
| 10. | മെറിറ്റ് സ്കോളർഷിപ്പ് പ്രധാന മന്ത്രിയുടെ സ്കോളർഷിപ്പ് സംബന്ധിച്ച കാര്യങ്ങൾ | SW-5 |
| 11. | Registration sponsor /Returns | Emp-1 |
| 12. | യുദ്ധത്തിലും യുദ്ധസാഹചര്യത്തിൽ മരിക്കുന്നവരുടെയും അംഗവൈകല്യം സംഭവിക്കുന്നവരുടെയും ആശ്രിത നിയമനം സംബന്ധിച്ച കാര്യങ്ങൾ | Emp-2 |
| 13. | പ്രസിദ്ധീകരണം/മീറ്റിംഗുകൾ സംബന്ധിച്ച കാര്യങ്ങൾ/സെൻസ്സസ് സ്റ്റേറ്റ്/ജില്ലാ സൈനിക ബോർഡ് റീ കോൺസറ്റിറ്റ്യൂഷൻ | Emp-3 |
| 14. | അമാൾഗമേറ്റഡ് ഫണ്ട് അക്കൗണ്ട് | AF-1 |
| 15. | സൈനിക സെന്റർ/അമാൾഗമേറ്റഡ് ഫണ്ട് പ്രോപ്പർറ്റീസ് | AF-2 |
| 16. | ഇന്റർ സബ്സിഡിലോൺ | AF-3 |
| 17. | അമാൾ ഗമേറ്റഡ് ഫണ്ടിൽ നിന്നുള്ള സ്കോളർഷിപ്പ്/ DGR Sponsored training Programmes/ Grant for old age home/ Stipend | AF-4 |

കൂടുതൽ വിവരങ്ങൾക്ക് താഴെപറയുന്ന അഡ്രസ്സുമായി ബന്ധപ്പെടാവുന്നതാണ് : -


1. P. Ahamed Basheer (Administration) — 0471-2302655, 9406712072
Administrative Officer,
Directorate of Sainik Welfare,
Vikas bhavan,
Thiruvananthapuram-33.

2. Deputy Director, — 0471-2303654
Directorate Sainik Welfare,
Vikas bhavan,
Thiruvananthapuram-33